## 1153

യേശു നിന്നെ വിളിക്കുന്നു യേശു നിന്നെ വിളിക്കുന്നു
കാൽവറിയിൽ ഉയിർ തന്നവനാം യേശു നിന്നെ വിളിക്കുന്നു

1 പാപത്തിന്റെ ഭാരത്തിനാൽ പാരം കേണു വലഞ്ഞിടുന്നോ?
പരനേശുവിൽ നിന്റെ പാപത്തിന്റെ പരിഹാരം കണ്ടിടുവാൻ-

2 ദാഹമേറും ജലമല്ല ദാനമായി ജീവജലം
ദേവനന്ദനൻ തരും സംതൃപ്തമാം ദിവ്യമോദ പുതുഹൃദയം-

3 മർത്ത്യജീവിതം ക്ഷണികം മൃത്യു വന്നിടുമൊരുനാൾ
മറക്കാതെ നിന്നുടെയാത്മരക്ഷ മുന്നമെ നീ പ്രാപിക്കുവാൻ

4 എന്നിടം വരുന്നവരെ ഒന്നിനാലും കൈവിടില്ല
എന്ന വാഗ്ദത്തം തന്ന ജീവനാഥൻ ഇന്നു നിന്നെ വിളിക്കുന്നു-
**C.J.**